സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

സംസ്ഥാനത്തുണ്ടായിട്ടുള്ള പ്രളയ ദുരന്തത്താൽ പമ്പയിൽ ഉണ്ടായിട്ടുള്ള നാശ നഷ്ടം - പുനർനിർമ്മാണ പ്രവർത്തനം - ഉദ്യോഗസ്ഥരുടെ സ്തുത്യർഹമായ സേവനം - ഗുഡ് സർവ്വീസ് എൻട്രി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 430/15/Est-I** നന്തൻകോട്, 01/10/2018

---

പരാമർശം :- 18-09-2018 ലെ ബോർഡ് തീരുമാനം.

## ഉത്തരവ്

16-08-2018 മുതൽ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള മഹാപ്രളയത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പല ക്ഷേത്രങ്ങൾക്കും സാരമായ നാശനഷ്ടങ്ങൾ ഉണ്ടായി. പമ്പ ത്രിവേണിയിൽ ഏകദേശം 12 മീറ്ററോളം ഉയരത്തിൽ വന്ന ജലപ്രവാഹവും ഉരുൾപൊട്ടലിൽ കടപുഴുകിവന്ന വൃക്ഷങ്ങളും ദേവസ്വം ബോർഡിന്റെ കെട്ടിടങ്ങളെ തകർക്കുകയും 8 മീറ്ററോളം ഉയരത്തിൽ മണൽ അടിഞ്ഞുകൂടി ത്രിവേണി പാലവും ചെറിയ പാലവും പൂർണ്ണമായി മൂടപ്പെടുകയും ചെയ്തു. പമ്പാ നദി ഗതിമാറി ഒഴുകുകയും ഗണപതി ക്ഷേത്രവും ശബരിമലയും പൂർണ്ണമായി ഒറ്റപ്പെടുകയും ചെയ്തു. പമ്പ ഗണപതി ക്ഷേത്രത്തിലും ശബരിമലയിലും ഉദ്യോഗസ്ഥരും തൊഴിലാളികളും അകപ്പെട്ടുപോയ അവസ്ഥ ഉണ്ടായി. അതിഭീകരമായ ഈ സാഹചര്യത്തെ അതിജീവിക്കേണ്ടത് ശബരിമലയുടെയും ബോർഡിന്റെയും നിലനിൽപ്പിനുതന്നെ അനിവാര്യമായിരുന്നു. മിലിട്ടറിയുടെ ഉൾപ്പെടെ സഹായത്തോടെ താൽക്കാലിക പാലം നിർമ്മിച്ച് പമ്പയിൽ നിന്നും ശബരിമലയിലേക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിനെക്കുറിച്ചുപോലും ബോർഡ് ആലോചിക്കുമ്പോൾ അസാദ്ധ്യമെന്നു കരുതിയിരുന്ന ആ ദൗത്യം ഡിപ്പാർട്ട്മെന്റ് ഉദ്യോസ്ഥന്മാർതന്നെ ഏറ്റെടുക്കുകയും ഒരാഴ്ചത്തെ അശ്രാന്ത പരിശ്രമത്തിലൂടെ മണൽ മൂടപ്പെട്ട രണ്ട് പാലങ്ങളും കേടുപാടുകൾ കൂടാതെ വീണ്ടെക്കുകയും മണൽ ചിറകെട്ടി പമ്പയിലേക്കുള്ള ഭക്തരുടെ യാത്ര ഉറപ്പാക്കുകയും ചെയ്തു. കന്നിമാസ പൂജയ്ക്ക് ഭക്തർ മലകയറണം എന്നുള്ളത് ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് രാത്രിയും പകലും ഉറക്കമൊഴിഞ്ഞ് പ്രവർത്തിച്ച ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരായ ചീഫ് എഞ്ചിനീയർ (ജനറൽ) ശ്രീ. വി. ശങ്കരൻപോറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ആർ. അജിത്കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. കെ.ഹരീഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ (n/c) ശ്രീ. എം.ജെ. പ്രേംജി, ശബരിമല Excavator Operator (Contract basis) ശ്രീ. എം.ജി. പ്രദീപ്കുമാർ എന്നിവരുടെ പ്രവർത്തനങ്ങൾ മാതൃകാപരവും പ്രത്യേക പരിഗണന അർഹിക്കുന്നതാണെന്നും ബോർഡ് കരുതുന്നു.

പമ്പയിലെ അതിഭീകരമായ അവസ്ഥയിൽ യുദ്ധകാലാടിസ്ഥാനത്തിൽ ശബരിമലയും പമ്പയുമായുള്ള ബന്ധം പുനർസ്ഥാപിച്ച് ഭക്തർക്ക് ദർശനം സാദ്ധ്യമാക്കിയത് ബോർഡിന്റെ യശസ്സ് ഉയർത്താൻ ഇടയാക്കി. ഇത് വിവിധ പത്രമാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. മനസ്സും ശരീരവും പൂർണ്ണമായി അർപ്പിച്ചുകൊണ്ട് ബോർഡിന്റെ യശസ്സ് ഉയർത്തുന്നതിന് രാവും പകലും പ്രവർത്തിച്ച ടി

(മറുപുറം)

ഉദ്യോഗസ്ഥർക്ക് അർഹമായ reward നൽകേണ്ടതാണെന്ന് ബോർഡ് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- തിരുവിതാംകൂർ ദേവസ്വം ബോർഡ് ചീഫ് എഞ്ചിനീയർ (ജനറൽ) ശ്രീ. വി. ശങ്കരൻപോറ്റി, എസ്.ഡി.പി. പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ആർ. അജിത്കുമാർ, പമ്പ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.കെ.ഹരീഷ്കുമാർ, പമ്പ അസിസ്റ്റന്റ് എഞ്ചിനീയർ (n/c) ശ്രീ. എം.ജെ. പ്രേംജി എന്നിവർക്ക് ഗുഡ് സർവ്വീസ് എൻട്രി നൽകുന്നതിനും ആയത് ടി ഉദ്യോഗസ്ഥരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനും ഉത്തരവാകുന്നു.
- മേൽ വിവരിച്ച നാല് ഉദ്യോഗസ്ഥർക്കും, ശബരിമല Excavator Operator (Contract basis) ശ്രീ. എം.ജി. പ്രദീപ്കുമാറിനും 10,000/- രൂപാ വീതം ക്യാഷ് അവാർഡ് നൽകുന്നതിന് തീരുമാനിച്ചും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ചീഫ് എഞ്ചിനീയർ
4. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
6. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
7. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല (ക്യാഷ് അവാർഡ് നൽകുന്നത് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്)
8. ശ്രീ. വി. ശങ്കരൻപോറ്റി, ചീഫ് എഞ്ചിനീയർ (ജനറൽ), തിരുവിതാംകൂർ ദേവസ്വം ബോർഡ്
9. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എസ്.ഡി.പി. പത്തനംതിട്ട
10. ശ്രീ. ആർ. അജിത്കുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എസ്.ഡി.പി. പത്തനംതിട്ട
11. അസിസ്റ്റന്റ് എഞ്ചിനീയർ, പമ്പ
12. ശ്രീ. കെ. ഹരീഷ്കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ, പമ്പ
13. അസിസ്റ്റന്റ് എഞ്ചിനീയർ, ശബരിമല
14. ശ്രീ. എം.ജെ. പ്രേംജി, അസിസ്റ്റന്റ് എഞ്ചിനീയർ (n/c), പമ്പ
15. ശ്രീ. എം.ജി. പ്രദീപ്കുമാർ, Excavator Operator (Contract basis), ശബരിമല - അസിസ്റ്റന്റ് എഞ്ചിനീയർ ശബരിമല മുഖേന
16. ഇ.ഡി.പി. സെക്ഷൻ
17. സെക്ഷൻ ഫയൽ
18. ഫയൽ ബുക്ക്
19. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK